**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1921 08.06.2018 ൽ മറുപടിയ്ക്ക്**

**പട്ടാമ്പി ടൗണിലുള്ള ബസ് സ്റ്റോപ്പുകളിലെ യാത്രാ നിരക്ക്**

| | ചോദ്യം<br>ശ്രീ. മുഹമ്മദ് മുഹസിൻ പി. | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഏകദേശം 800 മീറ്റർ മാത്രം ദൂരവ്യത്യാസമുള്ള പട്ടാമ്പി ബസ് സ്റ്റാൻഡും മേലെ പട്ടാമ്പി ബസ് സ്റ്റോപ്പും തമ്മിൽ ദീർഘദൂരബസുകളിൽ വളരെ വ്യത്യാസമുള്ള നിരക്കുകൾ നിലവിൽ ഉണ്ടെന്നുള്ളത് ശ്രദ്ധിച്ചിട്ടുണ്ടോ; | (എ) | പട്ടാമ്പി - പെരിന്തൽമണ്ണ ഭാഗത്ത് ഓർഡിനറി ബസ്സുകൾക്ക് ശങ്കരമംഗലവും, ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾക്ക് തൃത്താല കൊപ്പവും, സൂപ്പർ ഫാസ്റ്റ് ബസ്സുകൾക്ക് പെരിന്തൽമണ്ണയുമാണ് ഫെയർ സ്റ്റേജ് നിശ്ചയിച്ചിട്ടുള്ളത്.<br>കന്നംകുളം ഭാഗത്തുനിന്നും വരുന്ന യാത്രക്കാരൻ ഓർഡിനറി ബസ്സിൽ മേലേപട്ടാമ്പിയിൽ ഇറങ്ങുകയാണെങ്കിൽ ശങ്കരമംഗലത്തേയ്ക്കുള്ള ചാർജ്ജും ഫാസ്റ്റ് പാസഞ്ചർ ബസ്സിലാണെങ്കിൽ തൃത്താല കൊപ്പത്തേയ്ക്കുള്ള ചാർജ്ജും സൂപ്പർ ഫാസ്റ്റ് ബസ്സിലാണെങ്കിൽ പെരിന്തൽമണ്ണയിലേക്കുള്ള ചാർജ്ജും നൽകേണ്ടതാണ്. |
| (ബി) | നിരക്കുകൾ ഏകീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | യാത്രാ നിരക്കുകൾ ഏകീകരിക്കുന്നതിന് ഫെയർസ്റ്റേജിൽ അപാകതകൾ പരിഹരിച്ച് പുനർനിർണ്ണയിക്കേണ്ടതുണ്ട്. ഫെയർസ്റ്റേജ് പുനർനിർണ്ണയത്തിന് വിശദമായ പഠനവും അന്വേഷണവും ആവശ്യമാണ്. അതിൻശേഷം മാത്രമെ ഈ കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**